നം. കെ.എസ്.എ-

കെ.ടി.എം.പി.14/1285/2017 തീയതി:16.08.2017

# കോട്ടയം ജില്ലയിലെ മേലുകാവ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മേലുകാവ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.12.16 മുതൽ 20.7.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ച ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ 29.07.2017ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാബു ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.07.2017- 29.07.2017 |
| ഉദ്യോഗസ്ഥർ | ശ്രീ.സജി പി.ആർ., ഓഡിറ്റ് ഓഫീസർ<br>ശ്രീ.മുഹസ്സിൻ ഫൈസൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.ബാബുരാജ് കെ.ബി., ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ഷീബാമോൾ ജോസഫ് | 01.04.2016-31.03.2017 |
| സെക്രട്ടറി | ശ്രീമതി ഷേർളി ജോൺ | 01.04.2016-31.03.2017 |

നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ.വി.എൻ.സുകുമാരൻ | 01.04.2016-31.03.2017 |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.ജെയിംസ് ജോർജ് | 01.04.2016-31.03.2017 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.സാജു സാം | 01.04.2016-31.03.2017 |
| കൃഷി ഓഫീസർ | ശ്രീമതി നിഷ മാമ്മൻ | 01.04.2016-31.03.2017 |
| വെറ്ററിനറി സർജൻ | ശ്രീമതി വിന്നിമോൾ | 01.04.2016-31.03.2017 |
| വി.ഇ.ഒ | ശ്രീ.ജോൺസൺ കെ. ജോർജ് | 1.04.2016- 18.11.2016 |
| | ശ്രീ.അനിൽകുമാർ പി.ആർ. | 19.11.2016- 31.03.2017 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി അന്ന കെ.ഒ. | 01.04.2016-31.03.2017 |
| ഹെഡ്മിസ്ട്രസ് | ശ്രീമതി ബീന ജി. നായർ | 01.04.2016-31.03.2017 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.അനിയൻ എ.കെ. | 01.04.2016-31.03.2017 |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| | ഭാഗം 1 പൊതു അവലോകനം |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമപദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | ഓഡിറ്റ് ലക്ഷ്യം, മാനദണ്ഡം |
| | ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |
| 2-2 | ജീവനക്കാരുടെ/സ്ഥാപനതൊഴിൽനികുതി ഈടാക്കിയില്ല |
| 2-3 | ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ചില്ല |
| 2-4 | ഡി&ഒ ലൈസൻസ് ഇല്ലാതെ ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| | ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 3-1 | പ്രസിഡന്റിനും സെക്രട്ടറിയ്ക്കും-ലാപ്ടോപ്പ് വാങ്ങൽ-അപാകതകൾ |
| 3-2 | പഞ്ചായത്ത് സ്കൂൾ മേൽക്കൂര പുനരുദ്ധാരണം-പൊളിച്ചുമാറ്റിയ സാധനങ്ങൾ ലേലം ചെയ്തിട്ടില്ല |
| 3-3 | സ്ട്രീറ്റ്ലൈറ്റ്-ലൈൻ വലിച്ചത് പൂർത്തീകരണം-പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല |
| 3-4 | റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ-സ്പെസിഫിക്കേഷനിൽ നിന്ന് വ്യതിചലിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി |

| | |
|---|---|
| 3-5 | പ്രോജക്റ്റ് പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല-ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-6 | മരുന്നുകൾ ലഭ്യമാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-7 | തനതുഫണ്ട് ചെലവുതുക റീക്കൂപ്പ് ചെയ്യേണ്ടതാണ് |
| 3-8 | ചെലവിന് രേഖകളില്ല-തുക തടസ്സപ്പെടുത്തുന്നു |
| 3-9 | ആശ്രയപദ്ധതി |
| 3-10 | സാന്ത്വനപരിചരണ പദ്ധതി-മെഡിക്കൽ ഉപകരണങ്ങളും മരുന്നുകളും വാങ്ങൽ-നടത്തിപ്പിലെ അപാകതകൾ |
| | ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ (വാർഷികകണക്ക് പ്രകാരം) |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2016-17 |
| അനുബന്ധം 2 | ബാലൻസ്ഷീറ്റ് 2016-17 |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ 2016-17 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് 2016-17 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 14.06.2017ലെ 15-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | ശതമാനം |
|---|---|---|---|---|

| | | | കൂടുതൽ | കുറവ് | (+) / (-) |
|---|---|---|---|---|---|
| മുന്നിരിപ്പ് | | 12,60,432.40 | 12,60,432.40 | | |
| വരവ് | 3,94,72,000 | 3,42,29,328 | | 52,42,672 | -13.28 |
| ആകെ | 3,94,72,000 | 3,54,89,760.40 | | 39,82,240 | -10.08 |
| ചെലവ് | 3,93,62,000 | 3,28,05,667 | 65,56,333 | | -16.65 |
| നീക്കിയിരിപ്പ് | 1,10,000 | 26,84,093.40 | 25,74,093.4 | | +23.40 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 15.06.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 26.07.2017 | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12,60,432.40 |
| വരവ് | 3,42,29,328 |
| ആകെ | 3,54,89,760.40 |
| ചെലവ് | 3,28,05,667 |
| നീക്കിയിരിപ്പ് | 26,84,093.4 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 54,57,859 | 54,57,859 | 50,09,629 | 4,48,230 | 91.78 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8,65,767 | 8,65,767 | 7,21,000 | 1,44,767 | 83.27 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 77,06,103 | 77,06,103 | 61,63,705 | 15,42,398 | 80 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 46,86,651 | 46,86,651 | 44,73,186 | 2,13,465 | 95.44 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 25,54,755 | 25,54,755 | 22,71,319 | 2,83,436 | 88.9 |
| 13-ാം ധനകാര്യ | 0 | 30,61,254 | 30,61,254 | 30,61,036 | 218 | 99.99 |

| | | | | | | |
|---|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് | | | | | | |
| പെർഫോമൻസ് ഗ്രാന്റ് (സെൻട്രൽ ) | 0 | 11,93,656 | 11,93,656 | 7,69,880 | 4,23,776 | 64.49 |
| പെർഫോമൻസ് ഗ്രാന്റ് (സ്റ്റേറ്റ്) | 0 | 4,21,287 | 4,21,287 | 0 | 4,21,287 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 107 | 3,07,49,670 | 96 | 2,30,79,678 | 8 | 11 | 88 |

2016-17 വാർഷിക പദ്ധതിക്ക് 23.8.16ലെ I(1)-ാം നമ്പർ തീരുമാനപ്രകാരം പ്രകാരം ഭരണാനുമതി ലഭിച്ചു.

പദ്ധതി ആസൂത്രണം

ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ പദ്ധതി രൂപീകരണം സംബന്ധിച്ച വികസന സെമിനാർ 26.2.16-ൽ ചേർന്നു. വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ പദ്ധതി സംബന്ധിച്ച യോഗങ്ങൾ 5.2.16 മുതൽ 3.11.16 വരെ വിവിധ തീയതികളിൽ ചേരുകയുണ്ടായി. വിവിധ വാർഡുകളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട് നവംബർ/2016, ജനവരി/2017 മാസങ്ങളിൽ ഗ്രാമ സഭകൾ, ഊരുകൂട്ടങ്ങൾ എന്നിവ ചേർന്നു. ജില്ലാ ആസൂത്രണ സമിതിയുടെ 27.03.2017 തീയതിയിലെ 490/16/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രൊജക്ടുകൾ പൊതുവിൽ തൃപ്തികരമായിരുന്നു. സമാന സ്വഭാവത്തിലുള്ള റോഡ് കോൺക്രീറ്റിംഗ് വേലകളായിരുന്നു അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയതിൽ ഭൂരിഭാഗവും. കർഷക ജനവിഭാഗം കൂടുതലായി അധിവസിക്കുന്ന ഗ്രാമപഞ്ചായത്തിൽ ഉല്പാദന മേഖലയിൽ പദ്ധതികൾ കൂടുതലായി ആവിഷ്കരിക്കേണ്ട കൃഷി ഓഫീസർ നാമമാത്രമായ പദ്ധതികളാണ് നടപ്പാക്കിയത്. ആയുർവേദ, ഹോമിയോ മെഡിക്കൽ ഓഫീസർമാർ മരുന്ന് വാങ്ങുന്നതിനായി തുകകൾ ഒടുക്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

## 1-7 തനത് വരുമാനം

2015-16 വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 79.29 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 16,77,264 | 30,46,474 | 13,69,210 | +81.63 |
| നികുതിയേതര വരവുകൾ | 1,33,378 | 1,99,863 | 66,485 | +49.84 |
| മറ്റുവരവുകൾ | 0 | 0 | 0 | 0 |
| ആകെ | 18,10,642 | 32,46,337 | 14,35,695 | +79.29 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 32,880 | 15 |
| കർഷകതൊഴിലാളി പെൻഷൻ | 12,30,820 | 133 |
| വിധവാപെൻഷൻ | 22,34,060 | 202 |
| വാർദ്ധക്യകാലപെൻഷൻ | 69,23,470 | 641 |
| വികലാംഗപെൻഷൻ | 8,27,135 | 89 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 3,58,200 | 33 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 1,50,000 | 5 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.7.2017 തീയതി 3 പി.എം.-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,840/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

കാഷ് ബുക്ക്, ബാങ്ക് ബുക്ക്, ഡേ ബുക്ക് എന്നിവ പ്രതിദിനം പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. സാംഖ്യ സ്റ്റേഷനറി, രസീതു ബുക്കുകൾ എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് കൃത്യമായി പരിപാലിയ്ക്കുന്നുണ്ട്. വിവിധ നികുതി/ ഫീസിനങ്ങളുടെ ഡിമാന്റ്/കളക്ഷൻ രജിസ്റ്ററുകൾ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്.

ഫ്രണ്ട് ഓഫീസ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. ഇതിൽ ജീവനക്കാരുടെ പ്രതിദിന ഡ്യൂട്ടി വിവരം രേഖപ്പെടുത്തുന്നുണ്ട്. ഓഫീസ് ഓർഡർ രജിസ്റ്ററിൽ ജീവനക്കാർക്ക് ജോലിവിഭജനം നടത്തി രേഖപ്പെടുത്തിയിട്ടുണ്ട്. ചെലവ് വൗച്ചറുകൾ സെക്രട്ടറി, പ്രസിഡന്റ് എന്നിവർ ഒപ്പ് രേഖപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്.

ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ പരിപാലിയ്ക്കുന്നുണ്ടെങ്കിലും പൂർണ്ണമല്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ വസ്തുനികുതിയുടെ വിവരശേഖരണം കൃത്യമായി ചെയ്യാത്തതിനാൽ വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി സംബന്ധിച്ച കണക്കുകൾ സഞ്ചയയിലെ കണക്കുമായി പൊരുത്തപ്പെടുന്നില്ല.

ഗ്രാമ പഞ്ചായത്തിൽ കംപ്യൂട്ടറുകൾ, ഫർണിച്ചർ, ഇലക്ട്രിക്കൽ ഉപകരണങ്ങൾ, സ്റ്റേഷനറി എന്നിവയ്ക്ക് ഒരു സ്റ്റോക്ക് രജിസ്റ്റർ മാത്രമാണ് ഉപയോഗിയ്ക്കുന്നത്. ഫർണിച്ചറുകൾക്ക് കൃത്യമായി നമ്പർ നൽകി സ്റ്റോക്കിലെടുക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.05.2017 | 05/2017 | റിപ്പോട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.05.2006 മുതൽ 07.06.2006 വരെ | 1997-98 മുതൽ 2005-06 വരെ | LBA(HQ) 8A- 995/337 തീയതി- 4.7.2006 |

## 1-12 ഓഡിറ്റ് ലക്ഷ്യം, മാനദണ്ഡം

കേരള പഞ്ചായത്ത് രാജ് നിയമങ്ങൾ, ചട്ടങ്ങൾ, ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ എന്നിവ പാലിച്ച് ഗ്രാമപഞ്ചായത്ത് അതിന്റെ ഉത്തരവാദിത്തങ്ങളും ചുമതലകളും നിർവഹിച്ചിട്ടുണ്ടോ എന്നും ടി ഉത്തരവാദിത്തങ്ങളും ചുമതലകളും നിറവേറ്റുന്നതിന് ലഭ്യമായ ഉദ്യോഗസ്ഥരുടെ സേവനം യഥാവിധി വിനിയോഗിച്ചിട്ടുണ്ടോ, പഞ്ചായത്തിന് എല്ലാ സ്രോതസ്സുകളിൽ നിന്നും ലഭിക്കാനുള്ള വരുമാനം പൂർണമായും യഥാസമയം ലഭിച്ചിട്ടുണ്ടോ, ഇപ്രകാരം ലഭിച്ച വരുമാനം കൃത്യമായി വിനിയോഗിച്ചിട്ടുണ്ടോ കൃത്യമായ കണക്കുകളാണോ വാർഷികധനകാര്യ പത്രികയിൽ

ഉൾപ്പെടുത്തിയിട്ടുള്ളത് എന്നീ കാര്യങ്ങൾ ഉറപ്പാക്കുന്നതിനുള്ള പരിശോധനകളാണ് ഓഡിറ്റിന്റെ ലക്ഷ്യമായി സ്വീകരിച്ചിട്ടുള്ളത്.

പഞ്ചായത്തിന്റെ മിനിറ്റ്സ് ബുക്കുകൾ, ഓഫീസ് ഉത്തരവുകൾ, സാംഖ്യ ഉൾപ്പെടെയുള്ള രസീതുകൾ, വിവിധ വരവിനങ്ങളുടെ അടിസ്ഥാന രേഖകൾ വിവിധ ചെലവുകളുടെ വൗച്ചറുകൾ, നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ രേഖകൾ, അനുബന്ധ രജിസ്റ്ററുകൾ എന്നിവയുടെ പരിശോധനയിലൂടെ മേൽചേർത്ത ഓഡിറ്റ് ലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തുകയാണ് ഓഡിറ്റ് മാനദണ്ഡം.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

മേലുകാവ് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷികധനകാര്യപത്രിക പ്രകാരമുള്ള പ്രസക്ത വിവരങ്ങൾ താഴെ ചേർക്കുന്നു.

1) ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 4,36,21,741 രൂപയും ആകെ ചെലവ് 4,63,84,418 രൂപയും പ്രവർത്തനമിച്ചം 27,62,677 രൂപയുമാണ്.

2) റസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരമുള്ള ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ)- 3,54,89,760.40 രൂപയും ആകെ ചെലവ് 3,28,05,667 രൂപയുമാണ്.

3) 31.3.2017 ലെ നീക്കിയിരിപ്പ് 26,84,093.4 രൂപയാണ്.

4) 31.3.2017 ലെ ആകെ ആസ്തിമൂല്യം 3,07,76,479.40 രൂപയും ആകെ ബാദ്ധ്യത 31,98,504.70 രൂപയുമാണ്.

5) 31.3.2017 ലെ ആകെ ജനറൽ ഫണ്ട് 2,75,77,974.70 രൂപയാണ്.

ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വാർഷിക ധനകാര്യപത്രിക പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള അടിസ്ഥാന രേഖകളുമായി ഒത്തുനോക്കി പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) ഗ്രാമ പഞ്ചായത്തിന്റെ സ്ഥാവര ജംഗമ ആസ്തികൾ കൃത്യമായി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

2) ബി 12 ഷെഡ്യൂൾ പ്രകാരം 6,000 രൂപ സ്ഥിരനിക്ഷേപം ഉള്ളതായി കാണുന്നു. എന്നാൽ സ്ഥിരനിക്ഷേപ രജിസ്റ്റർ രസീത് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) 1.4.16 ലെ മുന്നിരിപ്പിലും 31.3.17 ലെ നീക്കിയിരിപ്പിലും V P F A-1-2 അക്കൗണ്ടിൽ 992 രൂപയും V P F A-1-3 അക്കൗണ്ടിൽ 3,579 രൂപയും ഉള്ളതായി കാണുന്നു. എന്നാൽ ടി അക്കൗണ്ടുകൾ നിലവിലില്ലാത്തതാണ്.

4) മേലുകാവ് സർവ്വീസ് സഹകരണബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും നൽകിയിട്ടുള്ളതും കാലഹരണപ്പെട്ടതുമായ താഴെ ചേർക്കുന്ന ചെക്കുകൾ വരവായി മാറ്റിയിട്ടില്ല.

| ചെക്ക് നം./തീയതി | തുക | അക്കൗണ്ട് |
|---|---|---|
| 10676/ 21.2.12 | 2560 | MSCB |
| 1748/ 2.7.14 | 330 | ,, |
| 17964/ 31.3.15 | 750 | ,, |

5) സംയുക്ത പ്രോജക്ടുകൾക്കുള്ള വിഹിതമായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 1,03,000 രൂപ ലഭിച്ചത് 320700104 എന്ന ശീർഷകത്തിൽ വരവ് ചേർത്തിട്ടുണ്ട്. എന്നാൽ ആയതിന്റെ കൃത്യത വ്യക്തമാക്കിയിട്ടില്ല.

6) ബി 4 ഷെഡ്യൂളിൽ 320700404 എന്ന ശീർഷകത്തിൽ 20,000 രൂപ ബാദ്ധ്യത ഉള്ളതായി കാണുന്നു. ഇത് പാലിയേറ്റീവ് പരിചരണ പദ്ധതിക്ക് ബ്ലോക്ക് വിഹിതം ലഭിച്ചതിൽ ബാക്കി നിൽക്കുന്നതാണ്. എന്നാൽ 4.8.2016 ൽ പാലിയേറ്റീവ് പരിചരണ പദ്ധതിക്ക് തനത് ഫണ്ടിൽ നിന്നും മുൻകൂർ നല്കിയ 20,000 രൂപ ക്രമീകരിച്ചിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾ നിലനിൽക്കുന്നതിനാൽ ഖണ്ഡികയുടെ ആദ്യഭാഗത്ത് ചേർത്തിട്ടുള്ള, 2016-17 വാർഷികധനകാര്യപത്രിക പ്രകാരമുള്ള പ്രസക്ത വിവരങ്ങളിൽ സാരമായ വ്യതിയാനം വരുന്നതാണ്.

## 2-2 ജീവനക്കാരുടെ/സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല

തൊഴിൽനികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരായ സ്ഥാപനങ്ങളുടെ വിവരങ്ങളടങ്ങുന്ന സ്ഥാപനരജിസ്റ്ററിൽ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിയിട്ടില്ല. ശ്രദ്ധയിൽപ്പെട്ട ഏതാനം സ്ഥാപനങ്ങളുടെ വിവരം താഴെക്കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | റബ്ബർ ഉല്പാദക സഹകരണ സംഘം, ഇടമറുക് |
| 2 | റബ്ബർ ഉല്പാദക സഹകരണ സംഘം, വാകക്കാട് |
| 3 | റബ്ബർ ഉല്പാദക സഹകരണ സംഘം, മേലുകാവ് |
| 4 | ഐശ്വര്യ ഫൈനാൻസിയേഴ്സ്, മേലുകാവ്മറ്റം |
| 5 | വാഴചാരിക്കൽബാങ്കേഴ്സ്, മേലുകാവ്മറ്റം |
| 6 | ക്ഷീര സഹകരണ സംഘം, പയസ് മൗണ്ട് |
| 7 | ആൽഫിയ ഹോമിയോ ക്ലിനിക്, മേലുകാവ്മറ്റം |
| 8 | യുണൈറ്റഡ് ഇൻഡ്യ ഇൻഷുറൻസ്, മേലുകാവ്മറ്റം |
| 9 | സെന്റ് മേരീസ് ഹോമിയോ ക്ലിനിക്, മേലുകാവ്മറ്റം |
| 10 | തേക്കുംകാട്ടിൽ ഡെന്റൽ ക്ലിനിക്, മേലുകാവ്മറ്റം |
| 11 | കേരള ആയുർവേദ ഫാർമസി, മേലുകാവ്മറ്റം |
| 12 | വാഴമറ്റം ഫാർമസി, മേലുകാവ്മറ്റം |

മേൽപ്പറഞ്ഞതുൾപ്പെടെ, ഈടാക്കേണ്ട എല്ലാ സ്ഥാപനങ്ങളിൽനിന്നും തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ചില്ല

ട്രഷറർ, ഈസ്റ്റ് കേരള മഹാ ഇടവക, മേലുകാവ്മറ്റത്തിന് ഗ്രൂപ്പ് എ2 വിഭാഗത്തിൽ 239.8ച.മീ തറ വിസ്തീർണ്ണമുള്ള കെട്ടിടം(ഹോസ്റ്റൽ) നിർമ്മിക്കുന്നതിന് എ3-2127/15 തീയതി 10.07.2015 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. എന്നാൽ അസസ് മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 16.4.16 തീയതിയിൽ പ്രസ്തുത കെട്ടിടം ഗ്രൂപ്പ് 1 പാർപ്പിട ഗണത്തിൽപ്പെടുത്തി ച.മീറ്ററിന് ₹ 7/-നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടുള്ളതായി കാണുന്നു.
ലോഡ്ജ്/ഹോസ്റ്റലിന് ബാധകമായ 40 രൂപ നിരക്കിലായിരുന്നു നികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. കംപ്ലീഷൻ പ്ലാൻ പ്രകാരം 263.12 ച.മീറ്ററുള്ള കെട്ടിടമാണ് പണിതിട്ടുള്ളത്. കുറഞ്ഞ നിരക്കിൽ നികുതി കണക്കാക്കിയതുമൂലമുണ്ടായ നഷ്ടവും 23.32 ച.മീ.(263.12-239.8)അധിക നിർമ്മാണത്തിന് ക്രമവത്കരണ ഫീസ് ഈടാക്കാത്തതിലുണ്ടായ നഷ്ടവും ചുവടെ ചേർക്കുന്നു.

| ഈടാക്കിയത്(പാർപ്പിടാവശ്യം ച.മീ. രൂപ നിരക്ക്) | ഈടാക്കേണ്ടിയിരുന്നത്(ഹോസ്റ്റൽ/ ലോഡ്ജ് ച.മീ.40 രൂപ) | വ്യത്യാസം | ക്രമവത്കരണ ഫീസ് | ആകെ |
|---|---|---|---|---|
| 263.12x7=1842<br>L.C 92 | 263.12x40=10525<br>L.C 526 | 9117 | 350(23.32x3x5=349.8) | 9467 |
| ആകെ 1934 | 11051 | | | |

വസ്തുനികുതിയിനത്തിൽ നഷ്ടം വന്ന 8,683 രൂപയും ക്രമവത്കരണ ഫീസിനത്തിലുള്ള 350 രൂപയും കെട്ടിടഉടമയിൽ നിന്നോ അല്ലെങ്കിൽ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. ലൈബ്രറി സെസ്സ് ഇനത്തിൽ നഷ്ടം വന്ന 434 രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട സ്ഥാപനത്തിലേക്ക് അടക്കേണ്ടതാണ്.

ഇപ്രകാരം കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.9), ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശികസഹിതം ഈടാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-4 ഡി&ഒ ട്രേഡ് ലൈസൻസ് ഇല്ലാതെ ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1996 ലെ കേ.പ.രാജ് (ആപൽക്കരവും അസഹ്യവുമായ ആയ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ അനുബന്ധപട്ടിക 1 പ്രകാരം പ്രവർത്തനത്തിന് ഡി&ഒ ലൈസൻസ് ആവശ്യമായ 159 ഇനങ്ങൾ ലിസ്റ്റ് ചെയ്തിട്ടുണ്ട്. ക്രമ നം. 21 പ്രകാരം ആയുർവേദ മരുന്നുകളുടെയും ഹോമിയോ മരുന്നുകളുടെയും നിർമ്മാണം, വില്പന ക്രമ നം.134 പ്രകാരം റബ്ബർ, റബ്ബറുല്പന്നങ്ങൾ എന്നിവയുടെ നിർമ്മാണം, സംഭരണം, വില്പന ക്രമ നം. 139 പ്രകാരം അബ്കാരി ഷാപ്പുകളുടെ നടത്തിപ്പ്, ക്രമ നം. 142 പ്രകാരം സ്വകാര്യ ആശുപത്രി നടത്തിപ്പ് ക്രമ നം. 143 പ്രകാരം പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ലാബുകൾ എന്നിവയുടെ നടത്തിപ്പ്, ക്രമ നം. 149 പ്രകാരം റേഷൻകടകൾ എന്നിവയ്ക്ക് ഡി&ഒ ലൈസൻസ് ആവശ്യമാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ റേഷൻകടകളും അബ്കാരിഷാപ്പുകളും റബ്ബർ ഉല്പാദക സഹകരണ സംഘങ്ങളും ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്.

ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 172 സ്ഥാപനങ്ങളിൽ 124 സ്ഥാപനങ്ങളാണ് തൻവർഷം ലൈസൻസ് എടുത്തിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടാത്തതും ലൈസൻസ് എടുക്കാത്തതുമായ ധാരാളം സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായി കാണുന്നു. ശ്രദ്ധയിൽപ്പെട്ട ഏതാനും സ്ഥാപനങ്ങളുടെ വിവരം താഴെക്കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | റബ്ബർ ഉല്പാദക സഹകരണ സംഘം, ഇടമറുക് |
| 2 | റബ്ബർ ഉല്പാദക സഹകരണ സംഘം, വാകക്കാട് |
| 3 | റബ്ബർ ഉല്പാദക സഹകരണ സംഘം, മേലുകാവ് |
| 4 | ക്ഷീര സഹകരണ സംഘം, പയസ് മൗണ്ട് |
| 5 | ആൽഫിയ ഹോമിയോ ക്ലിനിക്, മേലുകാവ്മറ്റം |
| 6 | സെന്റ് മേരീസ് ഹോമിയോ ക്ലിനിക് ,മേലുകാവ്മറ്റം |
| 7 | തേക്കുംകാട്ടിൽ ഡെന്റൽ ക്ലിനിക്, മേലുകാവ്മറ്റം |
| 8 | കേരള ആയുർവേദ ഫാർമസി, മേലുകാവ്മറ്റം |
| 9 | വാഴമറ്റം ഫാർമസി, മേലുകാവ്മറ്റം |

മേൽപ്പറഞ്ഞതുൾപ്പെടെ ഡി & ഒ ലൈസൻസ് ആവശ്യമായ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുകയും അതനുസരിച്ച് എല്ലാ സ്ഥാപനങ്ങളും ലൈസൻസോടെയാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പാക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രസിഡന്റിനും സെക്രട്ടറിയ്ക്കും- ലാപ്ടോപ് വാങ്ങൽ- അപാകതകൾ

പ്രോജക്ട് നം. 73/17.

അടങ്കൽ- 1,00,000 രൂപ (വികസന ഫണ്ട് )

ചെലവ് - 96,000 രൂപ. (ബിൽ നം. 26/16-17/ 27.3.17)

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി.

മേൽ പ്രോജക്ട് പ്രകാരം ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ക്വോട്ടു ചെയ്ത m/s ലാപ്ടോപ് ക്ലിനിക്, പാലാരിവട്ടം എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും അസ്യൂസ് കമ്പനി നിർമ്മിച്ച രണ്ട് ലാപ്ടോപ്പുകൾ വാങ്ങിയിട്ടുണ്ട്. രണ്ട് ലാപ്ടോപ്പുകളുടെ വിലയായി 96,000 രൂപ ടി സ്ഥാപനത്തിന് നൽകി. പ്രോജക്ട് നിർവ്വഹണത്തിൽ താഴെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) ലാപ്ടോപ് സപ്ലൈ ചെയ്ത സ്ഥാപനവുമായി സെക്രട്ടറി കരാറിലേർപ്പെട്ടിട്ടില്ല.

2) സ്ഥാപനം സമർപ്പിച്ച ടെണ്ടർ പ്രകാരം വാറണ്ടി കാലാവധി 2 വർഷമാണ്. എന്നാൽ ലാപ്ടോപ്പുകളുടെ ഭൗതിക പരിശോധനയിൽ വാറണ്ടി കാലാവധി 1 വർഷമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

3) പ്രസിഡന്റിന് നൽകിയ ലാപ്ടോപ് നിലവിൽ പ്രവർത്തനരഹിതമാണ്. വാറണ്ടി കാലാവധിയ്ക്കുള്ളിൽ പ്രവർത്തനരഹിതമായിട്ടും ആയത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/28.7.2017) അപാകത പരിഹരിക്കുന്നതാണ് എന്ന് മറുപടി നൽകി. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-2 പഞ്ചായത്ത് സ്കൂൾ മേൽക്കൂര പുനരുദ്ധാരണം- പൊളിച്ചുമാറ്റിയ സാധനങ്ങൾ ലേലം ചെയ്തിട്ടില്ല

പ്രോജക്ട് നം. 63/17

അടങ്കൽ- 3,92,354 രൂപ

ചെലവ്- 3,92,354 രൂപ (ബിൽ നം. 8/16-17/ 6.3.17)

കോണിപ്പാട് ഗവൺമെന്റ് എൽ.പി.എസ്.ന്റെ ഓടിട്ട മേൽക്കൂര പൊളിച്ചുമാറ്റി ഷീറ്റ് റൂഫിംഗ് നടത്തുന്നതിനുള്ളതാണ് ടി പ്രോജക്ട്. പ്രോജക്ടിന്റെ എസ്റ്റിമേറ്റിലെ ഒന്നാം ഇനം ഓടിട്ട മേൽക്കൂര പൊളിച്ചുമാറ്റി ഉപയോഗയോഗ്യമായ സാധനങ്ങൾ സ്റ്റാക്ക് ചെയ്യുക എന്നതാണ്. മേൽക്കൂര പൊളിച്ചുമാറ്റിയതിൽ 3024 സാധാരണ ഓടുകളും 75 കമത്ത് ഓടുകളും ലഭിച്ചിരുന്നു. ആയതിന്റെ മൂല്യം 14,026 രൂപയായി അസിസ്റ്റന്റ് എൻജിനീയർ നിർണ്ണയിച്ചിരുന്നു. ഫയൽ പരിശോധിച്ചതിൽ ടി സാധനങ്ങൾ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിച്ചതായി കാണുന്നില്ല. ലേല നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 3-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ പൊളിച്ചുമാറ്റിയ സാധനങ്ങൾ ലേലം ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് എന്ന് എ.ഇ. അറിയിച്ചു. പൊളിച്ചുമാറ്റിയ ഓടുകൾ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-3 സ്ട്രീറ്റ്ലൈറ്റ് - ലൈൻ വലിച്ചത് പൂർത്തീകരണം- പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല

പ്രോജക്ട് നം. 99/17

അടങ്കൽ - 13,00,800 രൂപ

ചെലവ് - 12,87,948 രൂപ (ബിൽ നം. 30/16-17/ 30.03.17 )

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി.

ഗ്രാമ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിയ്ക്കുന്നതിനായി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കൊല്ലം എന്ന സ്ഥാപനത്തിൽ നിന്നും 384 എണ്ണം 20W എൽ. ഇ. ഡി. സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ഇൻവോയ്സ് നം. STL 241/ 17.3.17 പ്രകാരം 12,48,000 രൂപ ടി സ്ഥാപനത്തിന് നൽകി. ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിവിധ വാർഡുകളിൽ സ്ഥാപിയ്ക്കുന്നതിനായി

അതാത് വാർഡ് മെമ്പർമാർക്ക് നൽകി. സൂപ്പർവിഷൻ ചാർജ് ഇനത്തിൽ 7,500 രൂപ കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ ഡിവിഷൻ പാലായ്ക്കും, 32,448 രൂപ കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ കൊല്ലപ്പള്ളിയ്ക്കും നൽകി. പ്രവൃത്തി പൂർത്തിയാക്കിയതായി കെ.എസ്.ഇ.ബി. യിൽ നിന്നും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് തൃപ്തികരമായി പൂർത്തിയാക്കിയതായി മോനിട്ടറിംഗ് സമിതിയും റിപ്പോർട്ട് ചെയ്തിട്ടില്ല. ആയതിനാൽ 12,87,948 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ- സ്പെസിഫിക്കേഷനിൽ നിന്ന് വ്യതിചലിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി

ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ സബ് ഗ്രേഡ് ഉറപ്പിക്കുന്ന ഇനത്തിൽ സ്പെസിഫിക്കേഷനിൽ നിന്ന് വ്യതിചലിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയതായി കാണുന്നു. ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമാക്കി പ്രവൃത്തി നടപ്പാക്കിയതായും കാണുന്നു. സ്പെസിഫിക്കേഷൻ അനുസരിച്ച് 300 mm താഴ്ചയിൽ മണ്ണ് ഇളക്കിയതിന് ശേഷം ഉറപ്പിക്കണം. എന്നാൽ സാങ്കേതികാനുമതി ലഭ്യമാക്കിയ എസ്റ്റിമേറ്റിൽ 200 mm താഴ്ചയിൽ മണ്ണ് ഇളക്കി ഉറപ്പിക്കുന്നതിന് പ്രൊവിഷൻ നൽകുകയും അപ്രകാരം പ്രവൃത്തികൾ നിർവ്വഹിച്ചതായും കാണുന്നു. തൻമൂലം ഈ ഇനത്തിൽ അധിക നിരക്ക് അനുവദിക്കുകയും പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്നതിന് ഇടയാക്കിയതായും കാണുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1) പ്രോജക്ട് നം. 24/17, തെക്കുംഭാഗം- ചീരാംകുഴി മഞ്ഞളശ്ശേരിഭാഗം റോഡ് പുനരുദ്ധാരണം.

2) പ്രോജക്ട് നം. 83/17, കുളത്തിക്കണ്ടം- കുളത്തിനാവയൽ- പുളിങ്കുന്ന് ഭാഗം നടപ്പാത.

മേൽ അപാകത സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം. 4/26.7.2017) തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ആയതിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷമിക്കുന്നു.

## 3-5 പ്രോജക്ട് പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല- ചെലവ് തടസ്സപ്പെടുത്തുന്നു

മേലുകാവ് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിൽ വിവിധ നിർവ്വഹണ ഏജൻസികളിൽ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ വിവരമോ പ്രോജക്ടിന്റെ പൂർത്തീകരണ വിവരമോ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം. | പേര് | നിക്ഷേപിച്ച തുക (രൂപ) | ബിൽ നം./തീയതി | തുക നിക്ഷേപിച്ച സ്ഥാപനം |
|---|---|---|---|---|
| 113/17 | ഞാറയ്ക്കൽ എസ്.സി. കോളനിയിൽ കുഴൽ കിണർ നിർമ്മാണം | 1,31,000 | 23/16-17/27.3.17 | ഭൂജല വകുപ്പ് കോട്ടയം ജില്ലാ കാര്യാലയം |
| 114/17 | പഞ്ചായത്ത് സ്കൂൾ ഗ്രണ്ട് കോണിപ്പാട് കുഴൽ കിണർ നിർമ്മാണം | 1,04,000 | ഡി.ഡി.നം. 577489/30.3.17 | ഭൂജല വകുപ്പ് കോട്ടയം ജില്ലാ കാര്യാലയം |
| 115/17 | അങ്കണവാടി വാർഡ് 12 കൊടിത്തോപ്പ് കുഴൽ കിണർ നിർമ്മാണം | 1,04,000 | ഡി.ഡി.നം. 577489/30.3.17 | ഭൂജല വകുപ്പ് കോട്ടയം ജില്ലാ കാര്യാലയം |
| 116/17 | അങ്കണവാടി വാർഡ് 13 ചെമ്മല കുഴൽ കിണർ നിർമ്മാണം | 1,04,000 | ഡി.ഡി.നം. 577489/30.3.17 | ഭൂജല വകുപ്പ് കോട്ടയം ജില്ലാ കാര്യാലയം |
| 121/17 | 7,10,11,12,13 വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിയ്ക്കൽ. | 2,67,925 | ബിൽ നം. 25/16-17/ 27.3.15 | കെ.എസ്.ഇ.ബി. ഡിവിഷൻ, പാലാ. |

| | | | | |
|---|---|---|---|---|
| 121/17 | 7,10,11,12,13 വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ. | 77,075 | ബിൽ നം. 25/16-17/ 27.3.15 | കെ.എസ്.ഇ.ബി. കൊല്ലപ്പള്ളി സെക്ഷൻ |
| | ആകെ | 7,88,000 | | |

വിനിയോഗ/പൂർത്തീകരണ വിവരങ്ങളുടെ അഭാവത്തിൽ 7,88,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 മരുന്നുകൾ ലഭ്യമാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

(എ) ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ
പ്രൊജക്റ്റ് നം.090/2016-17

അടങ്കൽ - 50,000- മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം)

ചെലവ് - 50,000- (ബിൽ നം. 02/16-17 തീ.29.11.2016)
നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ (ഹോമിയോ)

ഗവ.ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിന് ₹ 50,000/- ആലപ്പുഴയിലെ സംസ്ഥാന ഹോമിയോപ്പതി സഹകരണ ഫാർമസിക്ക് 16.12.2016 ലെ ഡി.ഡി.നം.269641 പ്രകാരം കൈമാറിയിട്ടുണ്ട്. മരുന്നുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കു ന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കുന്നതുവരെ ₹ 50,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ബി) ആയുർവ്വേദാശുപത്രിക്ക് മരുന്ന് വാങ്ങൽ--ഇൻവോയിസ് പ്രകാരമുള്ള എല്ലാ മരുന്നുകളും ലഭ്യമായില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

പ്രൊജക്റ്റ് നം- 089/2017

അടങ്കൽ - 4,00,000- മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം)

ചെലവ് - 4,00,000 (ബിൽ നം. 03/16-17 തീ.21.12.2016)
നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ (ഹോമിയോ)

ഗവ. ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങുന്നതിന് ₹ 4,00,000/-ഡി.ഡി.നം.269393 തീയതി 26.12.2016 പ്രകാരം ഔഷധിക്ക് നൽകിയിട്ടുണ്ട്. എന്നാൽ താഴെ രേഖപ്പെടുത്തിയിട്ടുള്ളതിൻ പ്രകാരം ₹ 2,27,578/-യുടെ മരുന്നുകൾ മാത്രമാണ് ഔഷധിയിൽ നിന്നും നാളിതുവരെ ലഭ്യമായിട്ടുള്ളത്.

| ക്രമ നം | ഇൻവോ. നം | തീയതി | തുക |
|---|---|---|---|
| 1 | 2239 | 28.02.2017 | 1,85,989 |
| 2 | 2644 | 31.03.2017 | 41,589 |

₹1,72,422/-യുടെ മരുന്നുകൾ ഇനിയും ലഭ്യമായിട്ടില്ല. ഔഷധിയുമായി ബന്ധപ്പെട്ട് മരുന്ന് ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്നതുവരെ ₹ 1,72,422/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 തനത്ഫണ്ട് ചെലവ്തുക റീക്കുപ്പ് ചെയ്യേണ്ടതാണ്

പാലിയേറ്റീവ് കെയർ പദ്ധതി ഫണ്ട് ലഭ്യമാകാതിരുന്നതിനാൽ നേഴ്സിന്റെ 4/16, 5/16 മാസങ്ങളിലെ ശമ്പളം 20,000/-രൂപ (വൗച്ചർ നമ്പർ 21600203/4.8.16) തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. പദ്ധതിക്ക് വേണ്ടി തനത് ഫണ്ടിൽ നിന്നും തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ പ്രസ്തുത തുക തനത് ഫണ്ടിലേക്ക് റീക്കുപ്പ് ചെയ്തിട്ടില്ല. സ.ഉ 3217/15 പ്രകാരം ചെലവ് തുക റീക്കുപ്പ് ചെയ്യാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 ചെലവിന് രേഖകളില്ല-തുക തടസ്സപ്പെടുത്തുന്നു

ടോയ്‌ലറ്റ് നിർമ്മാണത്തിനായി ശുചിത്വമിഷനിൽ നിന്നും ലഭിച്ച 4,68,000 രൂപ (ചെക്ക്

നം.19189/27.8.16)നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഒ.യ്ക്ക് കൈമാറിയിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട ചെലവിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 28.7.17ൽ നൽകിയ 8-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് രേഖകൾ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ ടോയ്‌ലറ്റ് നിർമ്മാണത്തിനായി വി.ഇ.ഒ.യ്ക്ക് നൽകിയ 4,68,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 ആശ്രയ പദ്ധതി

ആശ്രയ ഒന്നാം ഘട്ട പദ്ധതിയുടെ നടത്തിപ്പിനായി മേലുകാവ്മറ്റം എസ്.ബി.റ്റി. യിൽ സി.ഡി.എസ് മെമ്പർ സെക്രട്ടറിയുടെയും ചെയർപേയ്സന്റെയും പേരിൽ തുടങ്ങിയ സംയുക്ത അക്കൗണ്ടിൽ 11.11.15 ൽ 8,72,912 രൂപ നീക്കിയിരിപ്പുണ്ടായിരുന്നു. അതിനുശേഷം ടി അക്കൗണ്ടിൽ നിന്നും ചെലവുകൾ നടന്നിട്ടില്ല. 31.3.2017 ൽ പലിശ ഉൾപ്പടെ നീക്കിയിരിപ്പ് 9,38,315 രൂപയാണ്. തുടർ സേവനങ്ങൾ ഏർപ്പെടുത്തുന്നതിന് സർവ്വേ നടത്തി പ്രോജക്റ്റ് രൂപീകരിച്ച് പഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ളതായി ചെയർപേഴ്സൺ അറിയിച്ചു. പ്രോജക്ടിന് അംഗീകാരം നൽകി തുടർ സേവനങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തേണ്ടതാണ്.

## 3-10 സാന്ത്വനപരിചരണ പദ്ധതി-മെഡിക്കൽ ഉപകരണങ്ങളും മരുന്നുകളും വാങ്ങൽ- നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നം. : എസ്. 0060/17

അടങ്കൽ : ₹ 4,23,000/-(മെയിന്റനൻസ് ഫണ്ട് NR-₹3,00,000,ബ്ലോക്ക് പഞ്ചായത്ത് വിഹിതം-₹1,23,000)

ചെലവ് : ₹ 4,23,000/-

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, സി.എച്ച്.സി ഇടമറുക്

| ക്രമ നം | ബിൽ നം./ചെക്ക് നം./ തീയതി | തുക (₹) |
|---|---|---|
| 1 | 1/16-17/07.11.2016 | 84,770 |
| 2 | 2/16-17/15.02.2017 | 57,010 |
| 3 | 4/16-17/23.03.2017 | 37,600 |
| 4 | 5/16-17/31.03.2017 | 1,20,620 |
| 5 | 907929/05.04.16 | 1,23,000 |
| ആകെ | | 4,23,000 |

മേൽ പട്ടികയിൽ ബിൽ നം.1, 2, 3, 5 പ്രകാരം ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നു. എന്നാൽ 31.03.2017 ൽ ബിൽ നം.5/16-17 പ്രകാരം ഈരാറ്റുപേട്ട സബ്ബ് ട്രഷറിയിൽ നിന്നും പിൻവലിച്ച ₹ 1,20,620/-യിൽ ₹1,00,000/-കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മെഡിക്കൽ ഉപകരണങ്ങളും മരുന്നുകളും വാങ്ങുന്നതിനും ₹13,237/-സൂര്യ ഡ്രഗ്സ്,പാലായിൽ നിന്നും മരുന്നുകൾ വാങ്ങുന്നതിനും വകയിരുത്തിയിരുന്നതാണ്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ തുക കെ.എം.എസ്.സിക്ക് നൽകിയതിന്റെയോ ഉപകരണങ്ങളും മരുന്നുകളും ലഭ്യമായതിന്റെയോ കൈപ്പറ്റ് രസീതിന്റെയോ വിവരങ്ങൾ ലഭ്യമായിരുന്നില്ല. സൂര്യ ഡ്രഗ്സ്, പാലാ മരുന്നുകൾ വിതരണം ചെയ്തിട്ടുണ്ട് എങ്കിലും പ്രസ്തുത സ്ഥാപനത്തിന് തുക നൽകിയതിന്റെ വിവരങ്ങളും കൈപ്പറ്റ് രസീതും ലഭ്യമല്ലായിരുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.6) കെ.എം.എസ്.സിക്കും സൂര്യ ഡ്രഗ്സിനും തുക നൽകിയിട്ടില്ല എന്നും കെ.എം.എസ്.സിയിൽ നിന്നും ഇൻവോയ്സ് ലഭിച്ചിട്ടുള്ളതാണ് എന്നും സാധനങ്ങൾ സി.എച്ച്.സിയിൽ എത്തിക്കുന്ന മുറയ്ക്ക് തുക നൽകുന്നതാണ് എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. (പിൻവലിച്ച 1,20,620 രൂപയിൽ 7,383 രൂപയുടെ ചെലവ് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നു)

പ്രൊഫോർമ ഇൻവോയ്സ് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 22.03.2017 ൽ 175/2017 നമ്പരായി മെഡിക്കൽ

ഓഫീസർ,സി.എച്ച്.സി ഇടമറുക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയ കത്തിന്റെയും ഉപകരണങ്ങളുടെയും മരുന്നുകളുടെയും ലിസ്റ്റിന്റെ അടിസ്ഥാനത്തിലും പ്രസ്തുത സ്ഥാപനം 25.03.2017 തീയതിയിൽ ₹1,00,000/-രൂപയുടെ പ്രൊഫോർമ ഇൻവോയ്സ് (നം.4241) ലഭ്യമാക്കിയിരുന്നു. അതോടൊപ്പം തുക ട്രാൻസ്ഫർ ചെയ്തു നൽകേണ്ട ബാങ്കിന്റെ പേരും ബ്രാഞ്ചും അതിന്റെ IFSC കോഡും നൽകിയിരുന്നതാണ്. എന്നാൽ, 31.03.2017 ൽ ട്രഷറിയിൽനിന്നും തുക പിൻവലിച്ചപ്പോൾ ₹1,00,000/-രൂപ പ്രസ്തുത അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തില്ല. പാലിയേറ്റീവ് കെയർ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പഞ്ചായത്ത് പ്രസിഡണ്ടിന്റെയും മെഡിക്കൽ ഓഫീസർ, സി.എച്ച്.സിയുടെയും പേരിൽ മേലുകാവ്മറ്റം എസ്.ബി.ഐ. യിലുള്ള അക്കൗണ്ട് നം. 67216846028 ലേക്കും തുക ട്രാൻസ്ഫർ ചെയ്തിട്ടില്ല. തുക നിലവിൽ ഏത് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത് എന്നത് മറുപടിയിൽ വ്യക്തമാക്കാത്തതിനാൽ ആയതിന്റെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.11) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അവശരും ആലംബഹീനരുമായ കിടപ്പുരോഗികൾക്ക് സാന്ത്വനപരിചരണം ലക്ഷ്യമിട്ടുള്ള പദ്ധതിക്കായി പിൻവലിച്ച തുക അന്നേദിവസം തന്നെ കെ.എം.എസ്.സിക്ക് കൈമാറിയേണ്ടിയിരുന്നു. എന്നാൽ, ഇന്നേ ദിവസം വരെ തുക പ്രസ്തുത സ്ഥാപനത്തിന് നൽകിയിട്ടില്ല എന്ന് മാത്രമല്ല; തുക എവിടെയാണ് സൂക്ഷിച്ചിട്ടുള്ളത് എന്നതിന്റെയും വിവരങ്ങൾ ലഭ്യമാക്കാത്തത് നിർവ്വഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസറുടെ ഭാഗത്ത് നിന്നുള്ള ഗുരുതരവീഴ്ചയാണ്. ഭരണവകുപ്പിന്റെയും ഭരണസമിതിയുടെയും അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു. ഉപകരണങ്ങളും മരുന്നുകളും ലഭിച്ചതിന്റെ വിവരങ്ങളും കൈപ്പറ്റ് രസീതും ലഭ്യമാക്കുന്നത് വരെ ₹1,13,237/- (1,00,000+13,237) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ട് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1,23,000 | പാലിയേറ്റീവ് പരിചരണം | 1,03,000 | 20,000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | ഞാറയ്ക്കൽ കോളനി കുഴൽകിണർ നിർമ്മാണം | 23/16-17/ 27.3.17 | 1,31,000 | 0 | 1,31,000 |
| ,, | അങ്കണവാടി വാർഡ് 12 കൊടിത്തോപ്പ് കുഴൽകിണർ നിർമ്മാണം | ഡി.ഡി.നം. 577489/ 30.3.17 | 1,04,000 | 0 | 1,04,000 |
| ,, | അങ്കണവാടി വാർഡ് 13 ചെമ്മല കുഴൽകിണർ നിർമ്മാണം | ഡി.ഡി.നം. 577489/ 30.3.17 | 1,04,000 | 0 | 1,04,000 |
| ,, | പഞ്ചായത്ത് സ്കൂൾ ഗ്രൗണ്ട് കോണിപ്പാട് കുഴൽകിണർ നിർമ്മാണം | ഡി.ഡി.നം. 577489/ 30.3.17 | 1,04,000 | 0 | 1,04,000 |
| കെ.എസ്.ഇ.ബി | 7,10,11,12,13 വാർഡുകളിൽ | 25/16-17/ | 3,45,000 | 0 | 3,45,000 |

| | | | | | |
|---|---|---|---|---|---|
| | സ്ട്രീറ്റ്ലൈറ്റ് ലൈൻ വലിയ്ക്കൽ | 27.3.17 | | | |
| കെ.എസ്.ഇ.ബി | കുളത്തിക്കണ്ടം കുളത്തിനാവയൽ സ്ട്രീറ്റ്ലൈറ്റ് ലൈൻ വലിയ്ക്കൽ | 32/16-17/ 30.3.17 | 43,435 | 0 | 43,435 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ്ലൈറ്റ് ലൈൻ വലിയ്ക്കൽ പൂർത്തീകരണം | 30/16-17/ 30.3.17 | 39,948 | 0 | 39,948 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഈ ഇനത്തിൽ തുക ഒന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ഇനത്തിൽ വരവോ തിരിച്ചടവോ ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ (വാർഷിക കണക്കു പ്രകാരം)

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 6,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 6,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

സ്ഥിരനിക്ഷേപ രജിസ്റ്റർ, സ്ഥിരനിക്ഷേപ രസീത് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 11,070 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | രസീത് നം./തീയതി | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| 2014-15 | 3-1 | 11070 | 11603100722/ 19.09.2016 | ടെസ്സിമോൾ മാത്യൂസ്, മുൻ പ്രസിഡന്റ് |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,42,29,328 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,28,05,667 |
| വരവിനങ്ങളിലുള്ള നഷ്ടം | 9,467 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 28,79,607 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 9,033 | | ശ്രീമതി ഷേർളി ജോൺ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 12,87,948 | ശ്രീമതി ഷേർളി ജോൺ, സെക്രട്ടറി |
| 3-5 | 7,88,000 | ശ്രീമതി ഷേർളി ജോൺ, സെക്രട്ടറി |
| 3-6 (എ) | 50,000 | ഡോ.സാജു സാം, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-6 (ബി) | 1,72,422 | ഡോ.സാജു സാം, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-8 | 4,68,000 | ശ്രീ.ജോൺസൺ ജോർജ് കെ., വി.ഇ.ഒ. |
| 3-10 | 1,13,237 | ഡോ.വി.എൻ.സുകുമാരൻ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, ഇടമറുക് |
| ആകെ | 28,79,607 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ലൈബ്രറി കൗൺസിൽ – 434

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-2, 2-3, 2-4

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഷേർളി ജോൺ, സെക്രട്ടറി | സെക്രട്ടറി, മേലുകാവ് ഗ്രാമപഞ്ചായത്ത് | കൊട്ടുത്തോപ്പിൽ, മുട്ടം, മുട്ടം പി.ഒ., ഇടുക്കി |

## 4-9 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 92-93 | നം.എൽ.എഫ്.കെ.പി.2/757/അദാ./14(1)19.2.15 | | |
| 94-95 | നം.എൽ.എഫ്.കെ.പി2/757/അദാ./14(2)19.2.15 | | |
| 97-98 | നം.എൽ.എഫ്.കെ.പി.2/757/അദാ./14(3) തീ.19.02.2015 | | |
| 98-99 | നം.എൽ.എഫ്.കെ.പി.7/799/04/2.7.2004 | | |
| 00-01,01-02പ്ലാൻ | നം.എൽ.എഫ്.കെ.പി.7/767/03/16.2.04/30.12.04 | | |
| 99-2000 | നം.എൽ.എഫ്.കെ.പി.2/അദാ./14(4) തീ.19.02.15 | | |
| 92-02 (പ്ലാൻ) | നം.എൽ.എഫ്.കെ.പി.7/767/03/16.12.04 /30.12.04 | | |
| 2000-01 | നം.എൽ.എഫ്.കെ.പി.2/757/അദാ/14(5) തീ.19.02.15 | | |
| 2001-02 | നംഎൽ.എഫ്.കെ.പി.2/757/അദാ./14(6) തീ.19.2.15 | | |
| 2002-03 ചെലവ് | നം.എൽ.എഫ്.കെ.പി.3/207/05/23.04.07 | | |
| 2003-04 | നം.എൽ.എഫ്.കെ.പി.3/1399/07/22.6.09 | | |
| 2005-06 | നം.എൽ.എഫ്.കെ.പി.1/960/അദാ./കെ/11 തീ.27.08.11 | | |
| 06-07 | നം.എൽ.എഫ്.കെ.പി.2/1240/11, 01.12.11 | | |
| 07-08 | നം.എൽ.എഫ്.കെ.പി2/270/13/09.09.13 | | |
| 08-09 | നം.എൽ.എഫ്.കെ.പി.2/271/13/09.09.13 | | |
| 2009-10 | നം.എൽ.എഫ്.കെ.പി.2/272/13/07.05.14 | | |
| 10-11, 11-12 | നം.എൽ.എഫ്.കെ.പി.2/1668/13/3.4.09 | | |
| 12-13, 13-14 | നം.എൽ.എഫ്.കെ.പി/2/637/15/30.09.15/ 06.10.15 | 20 | |
| 14-15 | കെ.എസ്.എ-കെ.ടി.എം.പി-2/1053/16 തീയതി 25.7.16 | | |
| 15-16 | കെ.എസ്.എ-കെ.ടി.എം.പി2/1908/2016/29.4.17 | 20 | |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.ടി.എം.പി14/1285/2017

കേരള സംസ്ഥാന
ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി:16.08.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ മേലുകാവ് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മേലുകാവ് ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം